# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4229      20/03/2018-ൽ മറുപടിക്ക്

**തുറമുഖങ്ങളിൽ യന്ത്രവൽകൃതമല്ലാത്ത മണ്ണുനീക്കലിന് ഏർപ്പെടുത്തിയ ക്രമീകരണങ്ങൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ബി. സത്യൻ**<br>**,, കെ. കുഞ്ഞിരാമൻ**<br>**,, എം. നൗഷാദ്**<br>**,, ജെയിംസ് മാത്യു** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി**<br>**(തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്തെ നോൺ മേജർ പോർട്ടുകളിൽ ചാനലിലെയും ബേസിനിലെയും ആഴം നിലനിർത്തുന്നതിനായി നടത്തുന്ന യന്ത്രവൽകൃതമല്ലാത്ത മണ്ണുനീക്കലിന് നേരത്തെ ഉണ്ടായിരുന്നതിൽ നിന്ന് വ്യത്യസ്തമായി ഏർപ്പെടുത്തിയ ക്രമീകരണങ്ങൾ അറിയിക്കാമോ; | (എ) | 31/3/2017 വരെ സഹകരണ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സഹകരണ സംഘങ്ങളാണ് തുറമുഖ പരിധിയിലെ മാന്വൽ ഡ്രഡ്ജിംഗ് നടത്തിയിരുന്നത്. എന്നാൽ 09/2/2017-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 2/2017/മഉവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളെ മാന്വൽ ഡ്രഡ്ജിംഗിൽ നിന്ന് ഒഴിവാക്കി. അതിനു പകരം അതത് തുറമുഖ മേഖലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തദ്ദേശീയരായ പരമ്പരാഗത മണൽ വാരൽ തൊഴിലാളികളെ രജിസ്റ്റർ ചെയ്ത് അവർ മുഖാന്തിരം മാന്വൽ ഡ്രഡ്ജിംഗ് നടത്തുകയാണ് ഇപ്പോൾ ചെയ്തു വരുന്നത്. |
| (ബി) | ഇപ്രകാരം ലഭിക്കുന്ന മണലിന്റെ വില്പനയിലുള്ള അഴിമതി അവസാനിപ്പിക്കുന്നതിനായി കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ; | (ബി) | സഹകരണ സംഘങ്ങൾ വഴിയുള്ള മണൽ വിൽപ്പനയിലുണ്ടായിരുന്ന അഴിമതി തടയുന്നതിനാണ് പുതിയ നയം രൂപീകരിച്ചത്. ഇതുപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ് മാന്വൽ ഡ്രഡ്ജിംഗ് നടത്തുന്നതിനുള്ള അവകാശം ലഭിച്ചിരിക്കുന്നത്. തുറമുഖ വകുപ്പിന്റെ ഓൺലൈൻ സംവിധാനത്തിൽ നിശ്ചിതമായ രേഖകൾ സഹിതം മണൽ ബുക്ക് ചെയ്യുന്നവർക്ക് മാത്രമേ ഇപ്പോൾ മണൽ അനുവദിച്ചു നല്കുന്നുള്ളൂ. കൂടാതെ വരുമാനം തുറമുഖവകുപ്പിന്റെ അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്. ഇതിനു പുറമേ തുറമുഖ വകുപ്പ്, റവന്യൂ വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, പോലീസ് വകുപ്പ് എന്നിവരുടെ നേതൃത്വത്തിൽ കർശനമായ നിരീക്ഷണവും നടത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | തുറമുഖ വകുപ്പിന് സാമ്പത്തിക ബാധ്യത വരാത്ത രീതിയിൽ, തുറമുഖങ്ങളുടെ ആഴം നിലനിർത്തുന്നതിനും പാരിസ്ഥിതികാഘാതമില്ലാതെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ട മണൽ ലഭ്യമാക്കുന്നതിനും സഹായകരമായ സംവിധാനം അഴിമതിരഹിതമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്താനായി വകുപ്പുതല മേൽനോട്ട നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | (സി) | ഉണ്ട്. സർക്കാരിന്റെ 08/09/2016 - ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 29/2016/മത്സ്യ ഉത്തരവ് പ്രകാരം മാനുവൽ ഡ്രഡ്ജിംഗ് പ്രവൃത്തികളുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പോർട്ടോഫീസർ, സ്ഥലം എം.എൽ.എ, സി.ഡബ്ല്യൂ.ആർ.ഡി.എം പ്രതിനിധി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, മുൻസിപ്പൽ ചെയർമാൻ/ചെയർ പേഴ്സൺ എന്നിവരെ ഉൾപ്പെടുത്തി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. പി.പി.പി മോഡലിൽ ഒരു മണൽ ശുദ്ധീകരണ പ്ലാന്റ് പൊന്നാനിയിൽ ആരംഭിച്ചിട്ടുണ്ട്. മറ്റ് കടവുകളിലും സമാന രീതിയിലുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ